**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - 30.01.2018-ൽ ഡൽഹിയിൽ വച്ച് നടന്ന മീറ്റിംഗിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഗ്രാമ വികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ പങ്കെടുത്ത നടപടിയും, ഇതിനായി നടത്തിയ യാത്രയും സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2214/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 09.08.2018.**

പരാമർശം: 1) 17.01.2018-ലെ Social Justice and Empowerment വകുപ്പിന്റെ DO.No.19014/23/2017-SCD-IV (SRMS) നമ്പർ കത്ത്.

2) ഗ്രാമവികസന കമ്മീഷണറുടെ 17.05.2018, 25.06.2018 തീയതികളിലെ 2423/ഡി.പി.5/2018/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഭാരത സർക്കാരിന്റെ Social Justice and Empowerment വകുപ്പിന്റെ ആഭിമുഖ്യത്തിൽ, മാന്വൽ സ്കാവഞ്ചേഴ്സിനെ കണ്ടെത്തുന്നതിനായി നടത്തുന്ന ദേശീയ സർവ്വേയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിനായി, 30.01.2018-ൽ ഡൽഹിയിൽ വച്ച് നടന്ന മീറ്റിംഗിൽ ഗ്രാമ വികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ. വി. എസ്. സന്തോഷ് കുമാർ പങ്കെടുത്തിരുന്നു. അടിയന്തരയോഗമായതിനാൽ, സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഗ്രാമ വികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ യോഗത്തിൽ പങ്കെടുത്ത നടപടിയും, ഇതിനായി നടത്തിയ യാത്രയും സാധൂകരിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരത സർക്കാരിന്റെ Social Justice and Empowerment വകുപ്പിന്റെ ആഭിമുഖ്യത്തിൽ, മാന്വൽ സ്കാവഞ്ചേഴ്സിനെ കണ്ടെത്തുന്നതിനായി നടത്തുന്ന ദേശീയ സർവ്വേയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിനായി നടന്ന മീറ്റിംഗിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഗ്രാമ വികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ. വി. എസ്. സന്തോഷ് കുമാർ പങ്കെടുത്ത നടപടിയും, ഇതിനായി നടത്തിയ യാത്രയും സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.വി.എസ്.സന്തോഷ് കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ